# വാഗ്ദത്ത മസീഹ് عليه السلام ന്റെ വേദന നെഞ്ചിലേറ്റി പ്രവർത്തിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഒരു സ്ഥലത്ത് പറയുന്നു. ''സത്യസന്ധതയുടെയും ഈമാന്റെയും കാലഘട്ടം വീണ്ടും വരുന്നതിന് വേണ്ടിയും ഹൃദയങ്ങളിൽ തഖ്വ ഉണ്ടായിത്തീരുന്നതിനും വേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്.'' ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ജമാഅത്തിൽ ബൈഅത്ത് ചെയ്തു എന്ന് വാദിക്കുന്ന ഒരു അഹ്മദിയെ സംബന്ധിച്ചേടത്തോളം ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞ ഈ വാക്കുകൾ എല്ലാഴ്പ്പോഴും മുന്നിൽ വെക്കേണ്ടതാണ്. ഇതിനെക്കുറിച്ച് ചിന്തിക്കേണ്ടതുമാണ്. ഇതനുസരിച്ച് തങ്ങളുടെ ജീവിതം വാർത്തെടുക്കാൻ പരിശ്രമിക്കേണ്ടതാണ്. ഒരഹ്മദി ഇപ്രകാരം ചെയ്യുമ്പോഴാണ് ബൈഅത്തിന്റെ ബാദ്ധ്യത നിറവേറ്റുന്നവനായിത്തീരുകയുള്ളൂ. അല്ലാത്തപക്ഷം കേവലം അഹ്മദികളാണെന്ന ഒരു വാദം മാത്രമായിരിക്കുമത്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام കൊണ്ട്വരാൻ ആഗ്രഹിക്കുന്ന സത്യസന്ധതയും ഈമാനും ഹൃദയങ്ങളിൽ തഖ്വ ഉണ്ടാക്കിത്തീർക്കുന്നതാണ്. അല്ലാഹു അദ്ദേഹത്തെ നിയോഗിച്ചയച്ചത് ഇതിനുവേണ്ടിയാണ്. ഇത് ഒരു പുതിയ കാര്യമല്ല എന്ന് അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്ന് വ്യക്തമാണ്. സത്യസന്ധതയുടെയും ഈമാന്റെയും കാലം വീണ്ടും വരുന്നതിനുവേണ്ടി എന്നാണ് അദ്ദേഹം പറഞ്ഞത്. ഈ സത്യസന്ധതയും ഈമാനും തഖ്വയും ഒരു കാലത്ത് ഉണ്ടായിരുന്നു എന്നാൽ ഇപ്പോൾ അത് അപ്രത്യക്ഷമായിരിക്കുന്നു. അതിനെ വീണ്ടും കൊണ്ടുവരുകയെന്നത് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ജോലിയാണ്. നമുക്കേവർക്കും അറിയാവുന്നതുപോലെ സത്യസന്ധതയുടെയും ഈമാന്റെയും തഖ്വയുടെയും കാലഘട്ടം അതിന്റെ മഹോന്നതമായ പ്രഭാവത്തോടുകൂടി ലോകത്ത് ആദ്യം പ്രകടമായത് നമ്മുടെ യജമാനരായ മുഹമ്മദ് മുസ്തഫാ ﷺ തിരുമേനിയെ അല്ലാഹു ലോകത്ത് നിയോഗിച്ചപ്പോഴാണ്. അദ്ദേഹം മുഖേന ശരീഅത്തിനെ പരിപൂർണ്ണമാക്കിക്കൊണ്ട്

اَلْيَوْمَ اَكْمَلْتُ لَكُمْ دِيْنَكُمْ وَاَتْمَمْتُ عَلَيْكُمْ
نِعْمَتِيْ وَرَضِيْتُ لَكُمُ الْاِسْلَامَ دِيْنًا

ഇന്നത്തെ ദിവസം നിങ്ങളുടെ പ്രയോജനത്തിനായി നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ പൂർണ്ണമാക്കിത്തരികയും എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തീകരിക്കുകയും ഇസ്ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു എന്ന് അല്ലാഹു പ്രഖ്യാപിച്ച സമയത്താണിതെല്ലാം തന്നെ സ്ഥാപിതമായത്.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പുതുതായി വല്ലതും കൊണ്ടുവന്നിരിക്കുന്നു എന്ന ഒരു സംശയമോ അങ്ങനെയുള്ള ഒരു ചിന്ത പോലുമോ ഒരഹ്മദിക്കും ഇല്ല തന്നെ. ഇപ്രകാരം അവന് ചിന്തിക്കാനെ കഴിയില്ല. വിശുദ്ധ ഖുർആന്റെയും റസൂൽ ﷺ യുടെയും പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം വന്നത് റസൂൽ തിരുമേനി ﷺ സ്ഥാപിച്ച സത്യത്തെയും ഈമാനെയും തഖ്വയെയും ലോകത്ത് വീണ്ടും സ്ഥാപിക്കുന്നതിനായാണ്. എന്നാൽ മുസ്ലിംങ്ങൾ തങ്ങളുടെ ദുഷ്കൃത്യം നിമിത്തം ഈ നന്മയിൽ നിന്നെല്ലാം അകറ്റപ്പെടുകയുണ്ടായി. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ അംഗീകരിച്ചിരിക്കുന്നു എന്ന് പറയുന്ന അഹ്മദികൾ വിശുദ്ധ ഖുർആൻ നന്മ നിലനിർത്താനായി നൽകുന്ന അദ്ധ്യാപനങ്ങൾ, സഹാബാക്കൾ തങ്ങളിൽ ഉണ്ടാക്കിയെടുത്ത ആ ഈമാൻ തങ്ങളിൽ ഉണ്ടാക്കിയെടുക്കുവാൻ പരിശ്രമിച്ചിട്ടുണ്ടോ എന്ന് നോക്കേണ്ടതാണ്. റസൂൽ കരീം ﷺ തിരുമേനിയുടെ കാലഘട്ടത്തിൽ മുഅ്മിനീങ്ങളുടെ ഒരു വലിയ വിഭാഗം തങ്ങളിൽ വിപ്ലവം സംജാതമാക്കിക്കൊണ്ട് ഉണ്ടാക്കിയെടുത്ത ആ സത്യസന്ധത നമ്മിൽ ഉണ്ടാക്കിയെടുക്കാൻ നാം ശ്രമിക്കുന്നുണ്ടോ. സഹാബാക്കളുടെ ചരിത്രത്തിൽ കേൾക്കുകയും വായിക്കുകയും ചെയ്യുന്ന ആ തഖ്വ നാം നമ്മുടെ ഹൃദയങ്ങളിൽ ഉണ്ടാക്കിയെടുക്കാൻ പരിശ്രമിച്ചിട്ടുണ്ടോ. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام തന്റെ കാലത്ത് തന്റെ സഹാബാക്കളുടെ ജീവിതത്തിൽ ഈ വിപ്ലവം സൃഷ്ടിക്കുകയുണ്ടായി. ഇതു സംബന്ധമായി ഞാൻ മസീഹ് മൗഊദ് عليه السلام ന്റെ സഹാബാക്കളുടെ സംഭവങ്ങൾ വിവരിക്കുമ്പോൾ കേൾപ്പിക്കാറുള്ളതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام എഴുതിയ ഈ വരികൾ അതായത് സത്യസന്ധതയുടെയും ഈമാന്റെയും കാലഘട്ടം വീണ്ടും വരുന്നതിനുവേണ്ടിയും ഹൃദയങ്ങളിൽ തഖ്വ ഉണ്ടായിത്തീരുന്നതിനു വേണ്ടിയുമാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത് എന്നതാണ് അദ്ദേഹത്തിന്റെ അസ്തിത്വത്തിന്റെ യാഥാർത്ഥ്യവും അടിസ്ഥാനവുമായ ലക്ഷ്യം. ഈ വാചകത്തിന്റെ ഏതാനും വരികൾക്ക് ശേഷം അവിടന്ന് പറയുന്നു. ''ഈ പ്രവർത്തനങ്ങൾ തന്നെയാണ് എന്റെ അസ്തിത്വത്തിന്റെ പരമോന്നത ലക്ഷ്യം.'' അദ്ദേഹം തന്റെ അനുയായികളെക്കുറിച്ച് ഒരു സ്ഥലത്ത് ''എന്റെ അസ്തിത്വമാകുന്ന വൃക്ഷത്തിന്റെ പച്ചളിപ്പുള്ള ശാഖകളെ'' എന്ന് അഭിസംബോധന ചെയ്ത്കൊണ്ട് പറയുന്നുണ്ട്. അപ്പോൾ അദ്ദേഹം പറഞ്ഞ ഈ പ്രവർത്തനങ്ങൾ ചെയ്യുന്നവർ മാത്രമേ അദ്ദേഹത്തിന്റെ അസ്തിത്വമാകുന്ന വൃക്ഷത്തിന്റെ പച്ചളിപ്പുള്ള ശാഖകളായി തീരുകയുള്ളൂ. എന്തുകൊണ്ടെന്നാൽ അദ്ദേഹം തന്റെ അസ്തിത്വത്തിന്റെ അടിസ്ഥാന ലക്ഷ്യം ഇതാണ് നിശ്ചയിച്ചിരിക്കുന്നത്. ഒരു മധുരമുള്ള വൃക്ഷത്തിന്റെ, ചില ശാഖകൾ വിഷമുള്ള പഴങ്ങൾ നൽകുക എന്നത് സംഭവ്യമല്ല. അല്ലെങ്കിൽ ഉണങ്ങിയ ശാഖകൾ ആ വൃക്ഷത്തിന്റെ ഭാഗമായി നിലകൊള്ളുക എന്നതും സംഭവ്യമല്ല. ഉണങ്ങിയ ശാഖകളെ അതിന്റെ ഉടമസ്ഥൻ അതിൽ നിലനിൽക്കാൻ അനുവദിക്കുകയില്ല. അതിനെ മുറിച്ച് മാറ്റുന്നു. അതുകൊണ്ട് വളരെയധികം ഭയപ്പെടേണ്ട അവസരമാണിത്. ബൈഅത്തിനുശേഷം നമ്മുടെ ഉത്തരവാദിത്വം എന്തെല്ലാമാണെന്ന കാര്യം എല്ലായ്പ്പോഴും നമ്മുടെ ചിന്തയിലുണ്ടായിരിക്കേണ്ടതാണ്. ജമാഅത്തിൽ പുതുതായി ബൈഅത്ത് ചെയ്ത് പ്രവേശിക്കുന്നവരുടെ സംഭവങ്ങളും അവസ്ഥകളും ഞാൻ

കേൾക്കുമ്പോൾ, കത്തുകളിൽ വായിക്കുമ്പോൾ സ്വന്തം ഈമാനിലും വർദ്ധനവ് ഉണ്ടാകുന്നു. എന്നാൽ ചിലരുടെ പൂർവ്വ പിതാക്കൾ അഹ്മദികളായിരുന്നിട്ടും, നമ്മിൽ ഒരുപാടാളുകൾ അത്തരത്തിലുണ്ട്, അവരിൽ ചിലരുടെ അവസ്ഥയെക്കുറിച്ച് അറിയുമ്പോൾ, ചില ബലഹീനതകൾ ഉണ്ടാകുന്നതിനെക്കുറിച്ച് അറിയുമ്പോൾ ദുഃഖവും ക്ലേഷവും അനുഭവപ്പെടുന്നു. അവർക്ക് മസീഹ് മൗഊദ് عليه السلام ആഗ്രഹിച്ച പ്രകാരം ഇസ്‌ലാമിക അദ്ധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ഇല്ല. ജന്മനാ അഹ്മദിയാകുകയെന്നത് ചിലയാളുകളിൽ ചില അവസരങ്ങളിൽ അലസതക്ക് കാരണമായിത്തീരുന്നു. അതിനാൽ ഒരിക്കലും തിരിച്ചുവരാൻ സാധിക്കാത്ത അലസതയിലേക്ക് നാം വലിച്ചിഴക്കപ്പെട്ട് പോകുന്നുണ്ടോ എന്ന് നമ്മിൽ ഓരോരുത്തരും ആത്മ പരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. *അല്ലാഹു അങ്ങനെ ആക്കാതിരിക്കട്ടെ.* നാം കേവലം പേരിനു മാത്രമുള്ള അഹ്മദികളായി മാറുന്നുണ്ടോ? നാം സ്വയം ഒരാത്മപരിശോധന നടത്തിക്കൊണ്ടിരിക്കുമ്പോൾ മാത്രമേ അഹ്മദിയ്യത്തിന്റെ യഥാർത്ഥ ആത്മാവ് നിലനിൽക്കുകയുള്ളൂ എന്ന് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام തന്റെ ഉപദ്രേശങ്ങളിലും തന്റെ ലിഖിതങ്ങളിലും പലവുരു പറഞ്ഞിട്ടുള്ളതാണ്. നമ്മുടെ വാക്കിലും പ്രവർത്തിയിലും യാതൊരുവിധ വൈരുദ്ധ്യവും ഉണ്ടാവാൻ പാടുള്ളതല്ല. നമുക്കും അന്യർക്കുമിടയിൽ ഒരു വ്യക്തമായ വ്യതിരിക്തത കാണാൻ അവിടന്ന് ആഗ്രഹിക്കുന്നു.

ഒരു സ്ഥലത്ത് അദ്ദേഹം പറയുന്നു: ‘‘പ്രത്യക്ഷത്തിൽ പേരിൽ നമ്മുടെ ജമാഅത്തും മറ്റു മുസ്‌ലിംകളും ഒരുപോലെയാണ് എന്ന കാര്യം ഞാൻ പലപ്രാവശ്യം പറഞ്ഞിട്ടുണ്ട്. നിങ്ങളും മുസ്‌ലിംങ്ങളാണ് അവരും മുസ്‌ലിംങ്ങൾ എന്ന് പറയപ്പെടുന്നവരാണ്. നിങ്ങളും കലിമ ചൊല്ലുന്നവരാണ് അവരും കലിമ ചൊല്ലുന്നവരാണ്. നിങ്ങൾ വിശുദ്ധ ഖുർആനെ അനുധാവനം ചെയ്യുന്നു എന്ന് വാദിക്കുന്നവരാണ് അവരും വിശുദ്ധ ഖുർആനെ അനുധാവനം ചെയ്യുന്നു എന്ന് വാദമുള്ളവരാണ്. അതായത് വാദത്തിൽ നിങ്ങളും അവരും തുല്ല്യരാണ്. എന്നാൽ അല്ലാഹു കേവലം വാദം കൊണ്ട് സന്തോഷിക്കുകയില്ല. അതോടൊപ്പം ഏതെങ്കിലും യാഥാർത്ഥ്യം കൂടെയുണ്ടായിരിക്കേണ്ടതാണ്. വാദത്തെ തെളിയിക്കുന്ന പ്രവർത്തന സാക്ഷ്യങ്ങളും തന്നിൽ ഒരു മാറ്റം വരുത്തി എന്ന തെളിവും കൂടെ ഉണ്ടായിരിക്കേണ്ടതാണ്.’’ പിന്നീട് പറയുന്നു. ‘‘ഇതു കാരണം പലപ്പോഴും എനിക്ക് ഈ ദുഃഖം മൂലം വളരെ അധികം വേദന അനുഭവപ്പെടാറുണ്ട്.’’

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നമ്മിൽ നിന്ന് പ്രവർത്തനത്തിലൂടെയുള്ള തെളിവാണ് ആഗ്രഹിക്കുന്നത്. നാം സ്വയം നമ്മുടെ അവസ്ഥ പരിശോധന വിധേയമാക്കുകയാണെങ്കിൽ ഏറ്റവും ഉത്തമമായ നിലയിൽ നമ്മുടെ ആത്മപരിശോധന നടത്താൻ സാധിക്കുന്നതാണ്. മറ്റുള്ളവർ പറയുമ്പോൾ ചില സമയങ്ങളിൽ മനുഷ്യൻ ദേഷ്യപ്പെടുന്നു. ചില അവസരങ്ങളിൽ മനസിലാക്കിക്കൊടുക്കുമ്പോൾ അഹം ഉയർന്നുവരുന്നു.

എന്നാൽ തങ്ങളുടെ ആത്മ പരിശോധന നടത്തുമ്പോൾ അല്ലാഹു ഓരോ നിമിഷവും എന്നെ കാണുന്നുണ്ട് എന്നും ഞാൻ ഒരു ബൈഅത്തിന്റെ പ്രതിജ്ഞ ചെയ്തിട്ടുണ്ട് എന്നും എപ്പോഴും ഓർക്കുക. അത് പൂർത്തികരിക്കുകയെന്നത് എന്നിൽ നിർബന്ധമാക്കപ്പെട്ടതാണ്. അപ്രകാരം ചെയ്യുന്ന പക്ഷം ഉത്തമമായ നിലയിൽ മനുഷ്യന് തന്നെ പരിശോധന വിധേയമാക്കാൻ സാധിക്കും. ഒരഹ്മദി അദ്ദേഹം എത്ര മാത്രം ബലഹീനനായാലും ശരി അദ്ദേഹത്തിന്റെ ഉള്ളിൽ നൻമയുടെ ഒരു തിളക്കം ഉണ്ടായിരിക്കും. എന്നാൽ ഈ ബോധം ഉണ്ടായിത്തീർന്നാൽ പിന്നീട് അവനിൽ നൻമയുടെ കുസുമങ്ങൾ വിരിയാൻ തുടങ്ങുന്നു. ഓരോരുത്തരും പ്രവർത്തനമാകുന്ന ജലംകൊണ്ട് ഈ നൻമയെ ജീവസുറ്റതാക്കി നിലനിർത്തേണ്ടതിന്റെ ആവശ്യകതയുണ്ട്. അതിനെ ശീതളവും നവീനവുമാക്കേണ്ട ആവശ്യകതയുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ വേദന ഉൾക്കൊള്ളേണ്ടതിന്റെ ആവശ്യകതയാണുള്ളത്. ആർക്കെങ്കിലും ഈ ബോധം ഉണ്ടായിത്തീർന്നാൽ അവരുടെ അവസ്ഥ കണ്ട്കൊണ്ടിരിക്കെ ഉണങ്ങിയ ശിഖിരം എന്നതിൽ നിന്ന് മാറി പച്ചളിപ്പുള്ള ശാഖയായി പരിണമിക്കാൻ തുടങ്ങുന്നു. പലരും എനിക്ക് കത്തെഴുതുന്നു. ആ കത്തുകളിൽ വേദന നിറഞ്ഞിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഞങ്ങളിൽ കാണാൻ ആഗ്രഹിക്കുന്ന പരിശുദ്ധമായ മാറ്റം ഞങ്ങളിൽ ഉണ്ടായിത്തീരട്ടെ എന്ന് എഴുതുന്നു. അത്കൊണ്ട് ആരാണോ തന്റെ ബോധത്തെ ഉത്തേജിപ്പിക്കാൻ പരിശ്രമിക്കുകയും അല്ലാഹുവിനോട് സഹായം അർത്ഥിക്കുകയും ചെയ്യുന്നത് അപ്പോൾ മാതാവിനേക്കാൾ ഉപരിയായി തന്റെ ദാസരെ സ്നേഹിക്കുന്നവനായ അല്ലാഹു തന്നിലേക്ക് വരുന്നവരെ ഓടിച്ചെന്ന് നെഞ്ചോട് ചേർക്കുന്നവനാണ്. അനന്തരം അങ്ങനെയുള്ളവരുടെ അവസ്ഥതന്നെ മറ്റൊന്നായിത്തീരുന്നു.

അല്ലാഹു നമ്മുടെ ഈ ലോകവും പരലോകവും മനോഹരമാക്കിത്തീർക്കാൻ ഒരു സുവർണ്ണാവസരം നൽകിയിരിക്കുന്നു. ഇതിൽനിന്ന് നാം ശരിയായ വിധത്തിൽ പ്രയോജനം ഉൾക്കൊണ്ടില്ലായെങ്കിൽ അത് നമ്മുടെ നിർഭാഗ്യമായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام തന്റെ ഖേദവും ദുഃഖവും പ്രകടിപ്പിച്ചത് അത് അദ്ദേഹത്തിൽ നിന്ന് നേരിട്ട് അനുഗ്രഹം നേടിയിരുന്ന സഹാബാക്കൾ ഉള്ള സമയത്താണ്. അവരുടെ നിലവാരത്തിന്റെ ഉദാഹരണം നാം കേൾക്കുകയും വായിക്കുകയും ചെയ്യുമ്പോൾ അസൂയ തോന്നിപ്പോകാറുണ്ട്. എന്തെല്ലാം വിപ്ലവങ്ങളാണ് അവർ തങ്ങളിൽ സംജാതമാക്കിയത്. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ വേദന നോക്കുക. അദ്ദേഹം അദ്ദേഹത്തെ വിശ്വസിക്കുന്നവരിൽ നിന്നും ആഗ്രഹിക്കുന്ന തഖ്‌വയുടെ നിലവാരം നോക്കുക. ആ സമയത്തും ചിലരുടെ അവസ്ഥ കണ്ട് അവിടന്ന് പറയുന്നു. എനിക്ക് ഈ ദുഃഖംമൂലം വളരെ വേദനയുണ്ടാകുന്നു. അപ്പോൾ നമ്മുടെ ബലഹീനത എത്രമാത്രം ദുഃഖമേൽപ്പിക്കുന്നതായിരിക്കും. അദ്ദേഹം ഇന്ന് നമ്മുടെ ഇടയിലില്ല. എന്നാൽ ഒരു പക്ഷെ നമ്മുടെ അവസ്ഥ അല്ലാഹു അദ്ദേഹത്തിന് കാണിച്ചുകൊടുക്കുമായിരിക്കും. സഹാബാക്കളുടെ, മഹത്വുക്കളുടെ, അദ്ദേഹത്തിന്റെ പ്രിയപ്പെട്ടവരുടെ മക്കളുടെ അവസ്ഥ ഇന്നെന്താണ്. ആ പൂർവ്വികർ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ കാലഘട്ടത്തിൽ മോശമായ പരിതസ്ഥിതിയിൽ നിന്ന് രക്ഷപ്പെട്ട് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി തങ്ങളുടെ ഭൗതികത വെടിഞ്ഞുകൊണ്ട് മസീഹിന്റെ കോന്തല പിടിച്ചുകൊണ്ട് എല്ലായ്പ്പോഴും ദീനിനെ ദുനിയാവിനേക്കാൾ മുന്തിക്കുന്നതാണ് എന്ന പ്രതിജ്ഞയോടുകൂടി ജീവിതം കഴിച്ചുകൂട്ടി. അവരിൽ ചിലരുടെ മക്കളുടെ ദീനിയായ അവസ്ഥ ബലഹീനമായിപ്പോയിരിക്കുന്നു. ചിലർക്ക് അതിനെക്കുറിച്ച് യാതൊരു ചിന്തയുമില്ല. നമ്മുടെ അവസ്ഥ ശരിയാക്കുന്നതിനായി

നമ്മുടെ മഹത്വുക്കളുടെ ജീവിതാവസ്ഥ നമ്മുടെ മുമ്പിലുണ്ട്. അത് സ്വായത്തമാക്കുകയെന്ന നിയ്യത്തോടുകൂടി അവരുടെ ജീവിതാവസ്ഥയെ അയവിറക്കിക്കൊണ്ടിരിക്കേണ്ടതാണ്. അവരുടെ ജീവിതത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. അവർ ബൈഅത്ത് ചെയ്യാനുള്ള കാരണങ്ങൾ കണ്ടെത്തേണ്ടതാണ്. അപ്പോൾ മാത്രമേ നാം ഏതെങ്കിലും ലക്ഷ്യത്തിലേക്ക് അടുക്കുന്നവരായിത്തീരുകയുള്ളൂ. അവരുടെ ആഗ്രഹങ്ങൾ പൂർത്തീകരിക്കുന്നവരായിത്തീരുകയുള്ളൂ.

കുറച്ച് ദിവസങ്ങൾക്ക് മുമ്പ് നമ്മുടെ ഒരു പഴയകാല ആദരണീയ വ്യക്തിയായ അബ്ദുൽ മുഅ്മിൻ സാഹിബിനെക്കുറിച്ച് അദ്ദേഹത്തിന്റെ മകൻ എന്നോട് പറയുകയുണ്ടായി. അദ്ദേഹം അലിഗഢ് യൂണിവേഴ്സിറ്റിയിൽ നിന്ന് കെമിസ്ട്രിയിൽ ബി.എസ്.സി. എടുക്കുകയുണ്ടായി. ആ കാലഘട്ടത്തിൽ മുസ്ലിം ആൺകുട്ടികൾ സയൻസ് അപൂർവ്വമായെ പഠിച്ചിരുന്നുള്ളൂ. അതുകൊണ്ട് വൈസ് ചാൻസലർ അദ്ദേഹത്തോട് പറഞ്ഞു. ഈ വിഷയവും നല്ലതാണ്. ഉന്നതവിജയവും കരസ്ഥമാക്കിയിരിക്കുന്നു. അതുകൊണ്ട് ഞങ്ങൾ താങ്കൾക്ക് യൂണിവേഴ്സിറ്റിയിൽ ജോലി നൽകാം. അതോടൊപ്പം തന്നെ പഠനവും താങ്കൾക്ക് തുടരാം. അദ്ദേഹത്തിന്റെ പിതാവ് ഏതോ ഇംഗ്ലീഷ്കാരൻ മുഖേന മറ്റൊരു ജോലിക്കായി ശിപാർശയും ചെയ്തിരുന്നു. ആ കാലഘട്ടത്തിൽ ഇന്ത്യയിൽ ഇംഗ്ലീഷ്കാരുടെ ഭരണമായിരുന്നു. അദ്ദേഹവും അദ്ദേഹത്തിന് ഏതോ ഒരു നല്ല ജോലി വാഗ്ദാനം ചെയ്തു. പിന്നീട് അദ്ദേഹത്തിന് ഈ അഭിപ്രായവും ലഭിച്ചു. താങ്കൾ ബുദ്ധിമാനാണ് അത്കൊണ്ട് ഇന്ത്യൻ സിവിൽ സർവ്വീസ് പരീക്ഷ എഴുതി അതിൽ ചെരുക. ഖാൻ സാഹിബ് ആ കാലത്ത് ഖാദിയാനിൽ വന്നിരിക്കുകയായിരുന്നു. ഖലീഫത്തുൽ മസീഹ് സാനി رضي الله عنه ന്റെ കാലഘട്ടമായിരുന്നു അത്. എല്ലാ കാര്യങ്ങളും ഹുസൂറിനോട് പറഞ്ഞു. കൂടെ പറഞ്ഞു. ''ഹുസൂർ ഞാൻ ഭൗതികതയിൽ വിഹരിക്കുവാൻ ആഗ്രഹിക്കുന്നില്ല. എനിക്ക് അഥവാ ഖാദിയാനിൽ താമസിച്ച്കൊണ്ട് ഖാദിയാനിലെ തെരുവുകൾ അടിച്ചുവാരേണ്ട ജോലി ലഭിച്ചാലും ഞാൻ അതിന് ഈ എല്ലാ ശ്രേഷ്ഠമായ ജോലികളെക്കാളും പ്രാധാന്യം നൽകുന്നതായിരിക്കും.'' ഇത്തരത്തിലുള്ള മഹാത്മാക്കളാണ് അന്നുണ്ടായിരുന്നത് അവർ സഹാബാക്കളിൽ നിന്ന് അനുഗ്രഹം നേടിയവരായിരുന്നു. പിന്നീട് അദ്ദേഹത്തെ സ്കൂളിൽ സയൻസിന്റെ ടീച്ചറായി നിയമിക്കുകയുണ്ടായി. നാസിർ ബൈത്തുൽ മാലായി. പ്രഥമ നാസിർ ബൈത്തുൽ മാൽ ആയിരുന്നു ഇദ്ദേഹമെന്ന് തോന്നുന്നു. എന്നിരുന്നാലും പഴയ മഹാത്മാക്കൾ പ്രത്യേകിച്ച് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സഹാബാക്കൾ നന്മയിൽ മുന്നിട്ട് നിൽക്കുന്നവരായിരുന്നു.

എന്നാൽ ഏതാനും ചിലരുടെ ബലഹീനമായ അവസ്ഥപോലും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന് കാണാനിടയായപ്പോൾ നമ്മുടെ ഹൃദയത്തിന് വളരെയധികം ദുഃഖമേൽക്കുന്നു എന്ന് പറയുന്നു. നാം നമ്മുടെ അവസ്ഥയിലേക്ക് ദൃഷ്ടി പതിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്. നാം ഏതൊരു മഹത്വുക്കളുടെ മക്കളാണെന്ന് ഓർക്കുകയാണെങ്കിൽ നമ്മുടെ പൂർവ്വികർ അഹ്മദിയ്യത്ത് സ്വീകരിച്ചതിന് ശേഷം എന്ത് പരിശുദ്ധമായ മാറ്റമാണ് ഉണ്ടാക്കിയെടുത്തതെന്ന് ശ്രദ്ധിക്കുകയാണെങ്കിൽ, നാം നമ്മുടെ പൂർവ്വികരുടെ പേരിന് കോട്ടം വരുത്തുകയില്ല എന്ന് പ്രതിജ്ഞ ചെയ്യുകയാണെങ്കിൽ ഇത് തന്നെ സ്വയം പരിഷ്കരണത്തിനുള്ള മാർഗ്ഗമായിത്തീരുന്നതാണ്. ഇത് കൂടുതൽ ഉന്നതമായ രീതിയിൽ നമ്മുടെ തഖ്‌വയുടെ നിലവാരം ഉയർത്തുന്നതായിരിക്കും. ഇത് നമ്മെ നന്മ പ്രവർത്തിക്കുന്നതിലേക്ക് കൂടുതൽ പ്രോത്സാഹനം നൽകും. ജീവനുള്ള സമുദായത്തിന്റെ അടയാളം ഇതുതന്നെയാണ്. കാരണം പഴയവരും തങ്ങളുടെ അവസ്ഥയെ മരിക്കാൻ അനുവധിക്കുന്നില്ല; അവർ ഏറ്റവും ഉത്തമമായത് അന്വേഷിച്ച്കൊണ്ടിരിക്കുന്നു; തങ്ങളുടെ നിലവാരം കൂടുതൽ ഉന്നതമാക്കി മുന്നോട്ട് പോകുന്നു. അതോടൊപ്പം പുതുതായി വരുന്നവരും ഒരു പുതിയ ആത്മാവോടുകൂടി ജമാഅത്തിൽ പ്രവേശിക്കുന്നു. അങ്ങനെ അവർ പഴയവരുടെ ഉന്നതനിലവാരം കാണുമ്പോൾ നന്മയിൽ കൂടുതൽ മുന്നേറാനുള്ള മനോഭാവം ഉണ്ടായിത്തീരുന്നു. അങ്ങനെ സാമുദായികമായ നന്മയുടെ നിലവാരം സ്വമേധയാ ഉയർന്ന് പോകുന്നു.

നാം ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ വിശ്വസിച്ച്കൊണ്ട് നമ്മുടെ അവസ്ഥയെയും മാറ്റുന്നതാണ്, ലോകത്ത് ഒരു വിപ്ലവം സംജാതമാക്കുന്നതാണ് എന്ന് വാദിക്കുമ്പോൾ അതിനായി സ്ഥിരമായ ആത്മ പരിശോധന നടത്തേണ്ടതായിട്ടുണ്ട്. സ്വയം ആത്മപരിശോധന മാത്രം നടത്തിയാൽ പോര. തങ്ങളുടെ ഭാര്യാമക്കളുടെ അവസ്ഥയും പരിശോധിനവിധേയമാക്കേണ്ടതായിവരും.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام എഴുതിയിരിക്കുന്നു. '' ഭാര്യ തന്റെ ഭർത്താവിന്റെ അവസ്ഥയുടെയും വാക്കുകളുടെയും പ്രവർത്തിയുടെയും രഹസ്യ സൂക്ഷിപ്പുകാരിയയാണ്. പുരുഷൻ ശരിയാണെങ്കിൽ സ്ത്രീയും ശരിയായിരിക്കും. അല്ലങ്കിൽ അവൾ അയാൾക്ക് അയാളുടെ യഥാർത്ഥ മുഖം കാണിച്ചുകൊടുക്കും. എന്റെ പരിഷ്ക്കരണത്തിന് എന്തിന് പരിശ്രമിക്കുന്നു ആദ്യം സ്വയം തന്റെ അവസ്ഥ അൽപം മാറ്റിയെടുക്കുക എന്ന് അവൾ പറയും. അതുകൊണ്ട് സ്ത്രീകളുടെ പരിഷ്ക്കരണത്തിനായി പുരുഷൻമാർ തങ്ങളുടെ അവസ്ഥയിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കിയെടുക്കേണ്ടത് നിർബന്ധമാണ്. നാം എല്ലായ്പ്പോഴും ഓർക്കേണ്ടതാണ് സ്ത്രീകളുടെ പരിഷ്ക്കരണം നടന്നുകഴിഞ്ഞാൽ വരും തലമുറയുടെ പരിഷ്ക്കരണത്തിന്റെ ഉറപ്പും ലഭിക്കുന്നതായിരിക്കും. വരും തലമുറയിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കിടെയുക്കുന്നതിനായി അവരെ ദീനിൽ നിലനിർത്താൻ പുരുഷൻമാർ തങ്ങളുടെ അവസ്ഥയിലേക്ക് കൂടുതലായി ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്. പിന്നീട് ഈ സ്ത്രീ പുരുഷൻമാരുടെ മാതൃക, മാതാപിതാക്കളുടെ മാതൃക, ഭാര്യഭർത്താക്കൻമാരുടെ മാതൃക കുട്ടികളെയും ഈ കാര്യത്തിലേക്ക് ശ്രദ്ധിപ്പിക്കുന്നതായിരിക്കും. അതായത് നമ്മുടെ യഥാർത്ഥ ലക്ഷ്യം ഭൗതികതയിൽ മുങ്ങിത്താഴുക എന്നതല്ല മറിച്ച് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുകയെന്നതാണ് എന്നവർ തിരിച്ചറിയും.''

ഇവിടെ ഒരു കാര്യത്തിന്റെ വിശദീകരണം നൽകാൻ ആഗ്രഹിക്കുകയാണ്. ആരെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സഹാബാക്കളിൽ നഊദുബില്ലാഹ് ഒരുപാട് ബലഹീനതകളുണ്ടായിരുന്നു എന്നോ അത്തരക്കാർ ഒരുപാടുണ്ടായിരുന്നു എന്നോ അക്കാരണം കൊണ്ടാണ് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഇതെല്ലാം പറയേണ്ടിവന്നത് എന്നോ ധരിക്കരുത്.

ഹദ്റത്ത് മസീഹ് മൗഊദ് (عليه السلام) നിശ്ചയിച്ച നിലവാരത്തിലേക്ക് ഉയരാത്തവരായി ഒരു പക്ഷെ ഏതാനും ചിലർ ഉണ്ടായിരുന്നിരിക്കാം. എന്നാൽ അവിടുന്ന് ആ കുറഞ്ഞ ആളുകളിലും ബലഹീനത കാണാൻ ആഗ്രഹിച്ചിരുന്നില്ല. ചില ആളുകളുടെ അവസ്ഥ കണ്ട് അദ്ദേഹം തന്റെ ദുഃഖം പ്രകടിപ്പിച്ച അതേ സദസ്സിൽ അദ്ദേഹം ഇപ്രകാരം കൂടി പറഞ്ഞിട്ടുണ്ട്. ''ഈ ജമാഅത്ത് ആത്മാർത്ഥതയിലും സ്നേഹത്തിലും ഒരുപാട് പുരോഗമിച്ചതായി നാം കാണുന്നു. ചിലയവസരങ്ങളിൽ ജമാഅത്തിന്റെ ആത്മാർത്ഥതയും സ്നേഹവും ഈമാനിക ആവേശവും കാണുമ്പോൾ സ്വയം നമുക്ക് അത്ഭുതം തോന്നിപ്പോകുന്നു.''

ഈ ഈമാനിക ആവേശം കാണിക്കുന്നവർ ഒരുപാടുണ്ടായിരുന്നു. അല്ല, അധികവും അത്തരക്കാരായിരുന്നു. മറിച്ച് നാം പറയേണ്ടത് നമ്മെ നോക്കുമ്പോൾ അവരെല്ലാവരും അത്തരക്കാരായിരുന്നു. എന്നാൽ നബി തന്റെ ജമാഅത്തിന്റെ ഉന്നത നിലവാരം കാണാനാഗ്രഹിക്കുന്നു. നാം ഏതൊരു കാലഘട്ടത്തിലൂടെയാണോ കടന്നുപോയിക്കൊണ്ടിരിക്കുന്നത് അതിൽ അല്ലാഹുവിന്റെ ഒരുപാട് പ്രവചനങ്ങൾ പൂർത്തിയാകേണ്ടതുണ്ട്. ഇത് മസീഹ് മൗഊദ് (عليه السلام) ന്റെ കാലഘട്ടം തന്നെയാണ്. അദ്ദേഹത്തോട് അല്ലാഹു ചെയ്ത വാഗ്ദാനങ്ങളിൽ അധികവും പൂർത്തിയാകാൻ പോകുകയാണ്. നാം ഈ വാഗ്ദാനങ്ങൾ നമ്മുടെ ജീവിതത്തിൽ എത്രയും പെട്ടെന്ന് പൂർത്തിയായിക്കാണാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, നാം നമ്മുടെ സത്യസന്ധതയിലും ഈമാനിലും തഖ്‌വയുടെ നിലവാരത്തിലും ദൃഷ്ടി പതിപ്പിക്കേണ്ടതായിട്ടുണ്ട്.

അല്ലാഹു നമുക്ക് ജമാഅത്തിന്റെ പുരോഗതി കാണിച്ചുതരണം എന്ന് ആഗ്രഹിക്കുമ്പോൾ നാം അവന്റെ പ്രീതി കരസ്ഥമാക്കാൻ പരിശ്രമിക്കുകയും ചെയ്യേണ്ടതായി വരും. ഈ കാലഘട്ടത്തിലും ആത്മാർത്ഥതയിലും കൂറിലും മുന്നിട്ട് നിൽക്കുന്ന ഒരുപാട് ആളുകളുണ്ട് എന്നുകൂടി ഞാൻ പറയാനാഗ്രഹിക്കുകയാണ്. അവർ വരും തലമുറയിലും ഈ ആത്മാവ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

ഞാനൊരിക്കൽ പാക്കിസ്ഥാനിലെ അഹ്മദികളെ സംബന്ധിച്ച് വ്യാകുലപ്പെട്ടിരുന്നു. ലാഹോറിലെ സംഭവത്തിന് ശേഷം ജമാഅത്തിന്റെ കെട്ടിടങ്ങളിലും മസ്ജിദുകളിലും ഡ്യൂട്ടി ചെയ്യുന്ന ഖുദ്ദാമിനെയും സഫേദോംമിലെ അൻസാറുകളിലെയും ചിലരെക്കുറിച്ച് അറിയാൻ കഴിഞ്ഞ് ഒരു നീണ്ട സമയം ഡ്യൂട്ടി ചെയ്യുന്നത് മൂലം അവർക്ക് ക്ഷീണം അനുഭവപ്പെടുന്നു എന്നും അവരിൽ താൽപര്യക്കുറവ് പ്രകടമാകുന്നു എന്നുമാണ്. അതുകൊണ്ട് ഈ കാര്യത്തിലേക്ക് ശ്രദ്ധിക്കേണമെന്നും നിസാം മറ്റൊരു മാർഗ്ഗത്തെക്കുറിച്ച് ചിന്തിക്കേണമെന്നും ഞാൻ പറയുകയുണ്ടായി. സദർ ഖുദ്ദാമുൽ അഹ്മദിയ്യ പാക്കിസ്ഥാൻ ഈ കാര്യം തന്റെ ഖാദിമീങ്ങളിലേക്ക് എത്തിച്ചപ്പോൾ എനിക്ക് പാക്കിസ്ഥാനിലെ ഖുദ്ദാമിൽ നിന്ന് ആത്മാർത്ഥതയും കൂറും നിറഞ്ഞു തുളുമ്പുന്ന ഒരുപാട് കത്തുകൾ ലഭിച്ചു. ഞങ്ങൾ ഞങ്ങളുടെ പ്രതിജ്ഞ ഒരിക്കൽ കൂടി പുതുക്കുന്നു. ''ഞങ്ങൾ മുമ്പും ക്ഷീണിതരായിരുന്നില്ല, ഇനി ഭാവിയിലും ജമാഅത്തിന്റെ ഡ്യൂട്ടി ഒരു ഭാരമാണ് എന്ന ചിന്ത ഞങ്ങളിൽ ഉണ്ടാകുകയില്ല. താങ്കൾ വ്യാകുലപ്പെടാതിരിക്കുക'' എന്നെഴുതിയ കത്തുകൾ എനിക്ക് ലഭിക്കുകയുണ്ടായി. ഇതുപോലെ ഞങ്ങളുടെ ഭർത്താവ്, സഹോദരൻ, മകൻ അവരുടെ ജോലി കഴിഞ്ഞ വന്ന ഉടൻ തന്നെ ജമാഅത്തിന്റെ ഡ്യൂട്ടിക്കായി പുറപ്പെടുന്നു ഞങ്ങൾ വളരെ സന്തോഷത്തോടെ അവരെ യാത്രയാക്കുന്നു ഞങ്ങൾക്ക് അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് ഒറ്റക്കിരുന്നുകൊണ്ട് യാതൊരു ഭയവുമില്ല എന്നെഴുതിയ സ്ത്രീകളുടെ കത്തുകളും വന്നു. ഈ ആത്മാർത്ഥതയും കൂറും ഹദ്റത്ത് മസീഹ് മൗഊദ് (عليه السلام) പറഞ്ഞത് പോലെ ഈമാനിക ആവേശംമൂലമാണ് ഉണ്ടായിട്ടുള്ളത്.

ഈ അവസരത്തിൽ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കുക. ഈ ഡ്യൂട്ടിയിലും ഉത്തരവാദിത്തത്തിലും അല്ലാഹുവിനെ ഒരിക്കലും മറന്ന് പോകരുത്. നമസ്ക്കാരം സമയത്ത് അനുഷ്ഠിക്കുക. ഡ്യൂട്ടിയുടെ അവസരങ്ങളിൽ ദിക്റെ ഇലാഹിയിലൂടെയും ദുആയിലൂടെയും തങ്ങളുടെ നാവിനെ ആർദ്രമാക്കുക. നമ്മുടെ ഏറ്റവും വലിയ ശക്തി അല്ലാഹുവിന്റെ അസ്തിത്വമാണ്. നമുക്ക് ലഭിക്കേണ്ട സഹായം അല്ലാഹുവിൽ നിന്നാണ് ലഭിക്കേണ്ടത്. നമ്മുടേത് അവന്റെ കൽപനയനുസരിച്ച് നാം ചെയ്യുന്ന വളരെ എളിയ ശ്രമം മാത്രമാണ്. ചെയ്യേണ്ടത് യഥാർത്ഥത്തിൽ അല്ലാഹുവാണ് ചെയ്യേണ്ടത്. അല്ലാഹുവുമായി നാം ഒട്ടിപ്പിടിച്ച് നിൽക്കുകയാണെങ്കിൽ അല്ലാഹു സ്വയം ശത്രുക്കളോട് പകരം ചോദിക്കുന്നതായിരിക്കും. അവരുടെ കൈകളെ തടയുന്നതായിരിക്കും. അതുകൊണ്ട് ദുആകളിൽ ഒരിക്കലും അലസത കാണിക്കരുത്. ദുആയുടെയും ഇബാദത്തിന്റെയും ദിക്റെ ഇലാഹിയുടെയും സ്വാധീനം പ്രവർത്തനരൂപത്തിൽ ഓരോരുത്തരുടെയും വ്യക്തിത്വത്തിൽ നിന്ന് പ്രകടമാകേണ്ടതാണ്. അപ്പോൾ മാത്രമേ നാം ഹദ്റത്ത് മസീഹ് മൗഊദ് (عليه السلام) പറഞ്ഞുതന്നെ നിലവാരം സ്വായത്തമാക്കുന്നവരായിത്തീരുകയുള്ളൂ.

ഹദ്റത്ത് മസീഹ് മൗഊദ് (عليه السلام) ഒരു സ്ഥലത്ത് പറയുന്നു. ''അല്ലാഹു പറയുന്നു.

إِنَّ اللَّهَ مَعَ الَّذِينَ اتَّقَوْا وَّالَّذِينَ هُمْ مُّحْسِنُوْنَ

തഖ്‌വയും പരിശുദ്ധിയും സ്വായത്തമാക്കുന്നവർ അല്ലാഹുവിന്റെ സഹായത്തിലായിരിക്കും. അവർ എല്ലായ്പ്പോഴും തന്നെ അനുസരണക്കേട് കാണിക്കുന്നതിനനുസരിച്ച് ഭയചകിതരായിരിക്കും. അല്ലാഹുവിലുള്ള തഖ്‌വയും ഭയവുമാണ് എല്ലായ്പ്പോഴും ദാസനെ സംരക്ഷിക്കുന്നത്. അവനെ ഭൗതിക ലോകത്തിലെ ഭയത്തിൽ നിന്നും അത് സംരക്ഷിക്കുന്നു. ഒരഹ്മദി ഭയക്കുന്നുണ്ടെങ്കിൽ അല്ലാഹുവിന് തന്നോട് വല്ല അനിഷ്ടവും തോന്നുമോ എന്നാണ്.'' മറ്റൊരു സ്ഥലത്ത് പറയുന്നു.''അല്ലാഹു എന്നെ സംബോധന ചെയ്ത് കൊണ്ട് പറഞ്ഞു. നീ നിന്റെ ജമാഅത്തിനെ അറിയിക്കുക. വിശ്വസിച്ചവർ എന്നാൽ ഭൗതികതയുടെ കലർപ്പില്ലാത്ത വിശ്വാസം സ്വീകരിച്ചവർ, കപടതയാലും ഭീരുത്വം മുഖേനയും മലീമസമാകാത്ത വിശ്വാസം ഉൾക്കൊണ്ടവർ, അനുസരണത്തിന്റെ ഒരു മേഖലയിൽ നിന്നും അകന്നു പോകാത്ത വിശ്വാസം സ്വായത്തമാക്കിയവർ, അത്തരത്തിലുള്ള ആളുകൾ അല്ലാഹുവിന്റെ പ്രിയപ്പെട്ട ആളുകളാണ്. അല്ലാഹു പറയുന്നു. സത്യത്തിലേക്ക് പദമൂന്നിയവർ ഇക്കൂട്ടരാണ്.''

ഇതാണ് മസീഹ് മൗഊദ് (عليه السلام) നമ്മിൽ കാണാനാഗ്രഹിക്കുന്ന വിശ്വാസത്തിന്റെ നിലവാരം. *ഈ നിലവാരം ഉണ്ടാക്കിയെടുക്കുന്നവരായിത്തീരാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ.*

ഈ അവസരത്തിൽ അനുസരണത്തെക്കുറിച്ച് പ്രതിപാദിക്കപ്പെട്ടത്കൊണ്ട് അതിനെക്കുറിച്ച് അൽപം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അനുസരണത്തിന്റെ ഒരു സ്ഥാനത്തിൽ നിന്നും അകറ്റപ്പെട്ടവരായിരിക്കരുത് എന്ന് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുകയുണ്ടായി. അനുസരണത്തിന്റെ വ്യത്യസ്തമായ സ്ഥാനങ്ങളുണ്ട്, അത് വ്യത്യസ്ത തരത്തിലുണ്ട്. അതെല്ലാം നാം ശ്രദ്ധിക്കേണ്ടതാണ്. അനുസരണത്തിന് വ്യത്യസ്ത നിലവാരമുണ്ട്. ജമാഅത്ത് വ്യവസ്ഥിതിയോടുള്ള അനുസരണം, അല്ലാഹുവിന്റെ കൽപനകൾ പ്രാവർത്തികമാക്കുക എന്നതും അനുസരണമാണ്. ഇതുപോലെ ഒരുപാട് കാര്യങ്ങളുണ്ട്. ഒരാൾ ചിന്തിക്കുകയാണെങ്കിൽ ഒരു വ്യവസ്ഥിതിയിൽ കൂടിച്ചേർന്നിരിക്കാൻ, ഒരു വ്യവസ്ഥിതിയനുസരിച്ച് പൂർണ്ണമായ നിലയിൽ പ്രവർത്തിക്കാൻ, അല്ലാഹുവിനെ അനുസരിക്കുന്നവനായിത്തീരാൻ എല്ലാംതന്നെ അനുസരണം എന്ന ഒരു കാര്യം മാത്രമാണുള്ളത്. ഇതിലേക്ക് ശ്രദ്ധിക്കുകയാണെങ്കിൽ അവരുടെ കാലടികൾ മുന്നോട്ട് ഗമിക്കുന്നു.

അനുസരണത്തിന് വ്യത്യസ്ഥമായ നിലവാരമുണ്ട്. അതിന്റെ ഒരു ഉദാഹരണം നമുക്ക് അഹ്മദിയ്യ ചരിത്രത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ رضي الله عنه ന്റെ ഉദാഹരണത്തിലൂടെ ലഭിക്കുന്നു. അദ്ദേഹത്തിന് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ കമ്പി സന്ദേശം ലഭിക്കുന്നു: " എത്രയും പെട്ടെന്ന് എത്തിച്ചേരുക." ആ സമയത്ത് അദ്ദേഹം തന്റെ ക്ലിനിക്കിൽ ഇരിക്കുകയായിരുന്നു. അവിടന്ന് തന്നെ പെട്ടെന്ന് പുറപ്പെടുകയുണ്ടായി. നേരെ എഴുന്നേറ്റ് പോകാൻ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام അതേ പട്ടണത്തിൽ നിന്നല്ല വിളിച്ചിരുന്നത്. മറിച്ച് അദ്ദേഹം ഡൽഹിയിലായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ رضي الله عنه ഖാദിയാനിലും. ഞാൻ പോകുകയാണെന്ന് വീട്ടുകാർക്ക് സന്ദേശമയച്ചു എന്തെങ്കിലും പാഥേയമോ ചിലവിനുള്ള പണമോ, വസ്ത്രമോ, ബാക്കി മറ്റ് സാധനങ്ങളോ ഒന്നുംതന്നെ ആവശ്യമായി കരുതിയില്ല. നേരെ സ്റ്റേഷനിൽ പോയി. വണ്ടി അൽപം വൈകിയിരുന്നു. അവിടെ പരിചതനായ ഒരാളെ കണ്ടുമുട്ടി. അദ്ദേഹം സമ്പന്നനായിരുന്നു. അയാൾ തന്റെ ഒരു രോഗിയെ കാണിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. വണ്ടി വൈകിയത് കാരണം അദ്ദേഹം രോഗിയെ പരിശോധിച്ചു. അങ്ങനെ ആ രോഗിയെ പരിശോധിച്ചതിന് ലഭിച്ച ഫീസ് അദ്ദേഹത്തിന്റെ യാത്രാ ചിലവിനുള്ള മാർഗമായിത്തീർന്നു. ഈ വിധത്തിൽ അല്ലാഹു അദ്ദേഹത്തിന് വേണ്ടി സംവിധാനമൊരുക്കി. അങ്ങനെ അദ്ദേഹം തന്റെ യജമാനന്റെ സമക്ഷത്തിൽ ഹാജരായി. അവിടെ എത്തിയപ്പോഴാണ് മനസ്സിലായത് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام എത്രയും പെട്ടെന്ന് എത്തിച്ചേരുക എന്ന് പറഞ്ഞിരുന്നില്ല. മറിച്ച് കമ്പി സന്ദേശം എഴുതിയ ആൾ സന്ദേശത്തിൽ എത്രയും പെട്ടെന്ന് എത്തിച്ചേരുകയെന്ന് എഴുതിയതായിരുന്നു. എന്നാൽ എന്തിനാണ് എന്നെ ഇങ്ങനെ ബുദ്ധിമുട്ടിച്ചത് ഞാൻ ഇവ്വിധത്തിലാണ് വന്നത് എന്നൊന്നും ഒരു പരാതിയും പറഞ്ഞില്ല. മറിച്ച് സന്തോഷത്തോടെ അവിടെ ഇരുന്നു. ഇതാണ് അനുസരണത്തിന്റെ ഉയർന്ന നിലവാരം. അതായത് ചിന്തയും യുക്തിയും എല്ലാം കൽപനയുടെ മുമ്പിൽ അപ്രധാനമാണ്. പിന്നീട് ഞാൻ പറഞ്ഞത് പോലെ അല്ലാഹുവിന്റെ പെരുമാറ്റം നോക്കുക. അല്ലാഹു എല്ലാ സംവിധാനവും ഒരുക്കുകയുണ്ടായി. അത്തരത്തിലുള്ള ആളുകളെക്കുറിച്ചാണ് അല്ലാഹു തന്റെ സംതൃപ്തി പ്രകടിപ്പിച്ചിരിക്കുന്നത്. അത്കൊണ്ട് ഇത് നമുക്കൊരു മാതൃകയാണ്.

മറ്റൊന്ന് ജമാഅത്ത് വ്യവസ്ഥിതിയാണുള്ളത്. അതിൽ ഏറ്റവും ചെറിയ ഭാരവാഹി മുതൽ കാലത്തിന്റെ ഖലീഫ വരെയുള്ളവരെ അനുസരിക്കുകയെന്നതാണ്. യഥാർത്ഥത്തിൽ ഇത് അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും അനുസരത്തിന്റെ തുടർച്ചയാണ്. റസൂൽ തിരുമേനി صلى الله عليه وسلم പറയുകയുണ്ടായി: "ആരാണോ എന്റെ അമീറിനെ അനുസരിച്ചത് അവൻ എന്നെ അനുസരിച്ചു. ആരാണോ എന്നെ അനുസരിച്ചത് അവൻ അല്ലാഹുവിനെ അനുസരിച്ചു."

അനുസരണത്തിന്റെ അടിസ്ഥാന തത്വം മനസ്സിലാക്കാനായി ജമാഅത്ത് വ്യവസ്ഥിതിയോടുള്ള അനുസരണത്തിൽ ഏറ്റവും താഴ്ന്ന തട്ടിൽ നിന്നുപോലും അനുസരണം വളരെയധികം നിർബന്ധമാണ്, ഏതെങ്കിലും ജമാഅത്തിനും ഭൗതിക സംഘടനകൾക്കും ഭരണകൂടത്തിനും ഭരണം നടത്തുന്നതിനായി ഒരു വ്യവസ്ഥിതി ഉണ്ടായിരിക്കും. അത് അത്യാവശ്യമാണ്. അതില്ലാതെ ഒരു സംഘടനകൾക്കും പ്രവർത്തിക്കാൻ സാധ്യമല്ല. ഭൗതിക ഭരണത്തിലും എല്ലാ സ്ഥാനങ്ങളിലും അതിന്റെ ഭരണം നടത്തുന്നതിനായി ചില നിയമങ്ങളും വ്യവസ്ഥകളും ഉണ്ടായിരിക്കും. അവിടെ അനുസരിക്കുകയെന്നത് നിർബന്ധമുള്ള കാര്യമാണ്. ഭരണകൂടത്തിന്റെ കയ്യിൽ ശക്തിയുണ്ട്. അതുകൊണ്ട് അവർ തങ്ങൾ നിശ്ചയിച്ച വ്യവസ്ഥയെ അനുസരിപ്പിക്കാൻ തങ്ങളുടെ ശക്തിയും നിയമവും ഉപയോഗിക്കുന്നു. എന്നാൽ ഒരാത്മീയ വ്യവസ്ഥിതിയിൽ ആത്മാർത്ഥതയും കൂറും അല്ലാഹുവിന്റെ പ്രീതിയുമാണ് അനുസരണത്തിന്റെ അടിസ്ഥാനം. അതുകൊണ്ടാണ് ഇവിടെ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നോട് പറഞ്ഞത് എല്ലാ തരത്തിലും അനുസരിക്കുന്നവർ എന്റെ പ്രിയപ്പെട്ടവരാണ് എന്ന്.

ജമാഅത്ത് വ്യവസ്ഥിതിയുടെ ഏറ്റവും താഴ്ന്ന സ്ഥാനം മുതൽ ഉയർന്ന സ്ഥാനംവരെ ആരാണോ നിസാമിനെ അനുസരിക്കുന്നത് അവർ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന് വേണ്ടിയാണ് അനുസരിക്കുന്നത്. അല്ലാഹു അഹ്മദിയ്യാ ജമാഅത്തിനോട് ഖിലാഫത്തിന്റെ വാഗ്ദാനം ചെയ്തിട്ടുണ്ട് വിശുദ്ധ ഖുർആനിൽ മുഅ്മിനീങ്ങളുടെ ജമാഅത്തിനോട് ഏതൊരു ഖിലാഫത്തിന്റെ പുനഃസ്ഥാപനത്തെക്കുറിച്ചാണോ വാഗ്ദാനം നൽകിയിട്ടുള്ളത് അതിന്റെ ഏക ഉദാഹരണം അഹ്മദിയ്യാ ജമാഅത്തിൽ മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. എന്നാൽ അല്ലാഹു ഖിലാഫത്തിനെക്കുറിച്ച് വാഗ്ദാനം നൽകിയ ആയത്തെ ഇസ്തിഖ്ലാഫിന് മുമ്പായി ഒരായത്തിൽ അല്ലാഹു ഇപ്രകാരം പറയുന്നു.

وَاَقۡسَمُوۡا بِاللّٰهِ جَهۡدَ اَيۡمَانِهِمۡ لَئِنۡ اَمَرۡتَهُمۡ لَيَخۡرُجُنَّ ؕ قُلْ لَّا تُقۡسِمُوۡا ۚ طَاعَةٌ مَّعۡرُوۡفَةٌ ؕ اِنَّ اللّٰهَ خَبِيۡرٌۢ بِمَا تَعۡمَلُوۡنَ ۝٥٤

നീ അവരോട് ആജ്ഞാപിക്കുന്നതായാൽ തീർച്ചയായും തങ്ങൾ അക്കാര്യം നടപ്പിലാക്കുന്നതിനായി പുറപ്പെടുന്നതാണ് എന്ന്

അല്ലാഹുവിനെ മുൻനിർത്തി അവർ ദൃഢപ്രതിജ്ഞ ചെയ്യുന്നു. പറയുക നിങ്ങൾ സത്യം ചെയ്യേണ്ടതില്ല. സാധാരണ ഗതിയിൽ അറിയപ്പെട്ട അനുസരണമാണ് ഞാൻ ആവശ്യപ്പെടുന്നത്. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു സൂക്ഷമജ്ഞനാകുന്നു.

ഇവിടെ അല്ലാഹു മുഅ്മിനീങ്ങളുടെ അനുസരണത്തിലേക്കാണ് ശ്രദ്ധ തിരിച്ചിരിക്കുന്നത്. മുഅ്മിനീങ്ങളുടെ അനുസരണം എന്ന് പറയുന്നത് അവർ ഏതെങ്കിലും കൽപന കേൾക്കുമ്പോൾ **സമിഅ്നാ വഅതഅ്നാ** എന്ന് പറയുന്നു. ഞങ്ങൾ കേട്ടു ഞങ്ങൾ അനുസരിച്ചു എന്ന പ്രഖ്യാപനമാണ് അവർ നടത്തുന്നത്. നമ്മുടെ ഇഷ്ടമനുസരിച്ചിട്ടുള്ള കാര്യമായാലും നമ്മുടെ ഇഷ്ടത്തിന് എതിരായ കാര്യമായാലും നമ്മുടെ ഉത്തരവാദിത്വം അനുസരിക്കുകയെന്നത് മാത്രമാണ്. ഇതാണ് ഒരു വിശ്വാസിയിൽ ഉണ്ടായിരിക്കേണ്ട ഉയർന്ന നിലവാരം. ഇതിനെക്കുറിച്ചാണ് അല്ലാഹു പറഞ്ഞത് നിങ്ങൾ മുഅ്മിനീങ്ങളാണെങ്കിൽ വലിയ വലിയ സത്യം ചെയ്യേണ്ട കാര്യമില്ല. മറിച്ച് മുറയനുസരിച്ച് സാധാരണ ഗതിയിലുള്ള അനുസരണം പുലർത്തുക.

എഴുന്നേറ്റ് നിന്ന്കൊണ്ട് എല്ലാ മഅ്റൂഫായ തീരുമാനങ്ങളെയും അനുസരിക്കുന്നതാണെന്ന് ഒരു ഭാഗത്ത് നാം പ്രതിജ്ഞ ചെയ്യുകയും എന്നാൽ തീരുമാനം ഉണ്ടാകുമ്പോൾ അതിനെ ദേഷ്യത്തോടും വിമർശനത്തോടും കൂടി അഭിമുഖീകരിക്കുകയും ചെയ്യുക എന്ന നിലപാട് ശരിയല്ല. അല്ലാഹു പറയുന്നു. ''യഥാർത്ഥ മുഅ്മിൻ കേവലം സത്യം ചെയ്യുക മാത്രമല്ല ചെയ്യുന്നത്. മറിച്ച് എല്ലാ അവസ്ഥയിലും അനുസരണം പുലർത്തുന്നതാണ്.''

ഇവിടെ ഒരു കാര്യത്തെ വിശദീകരിക്കാനാഗ്രഹിക്കുന്നു. മുമ്പും പറഞ്ഞിട്ടുള്ളതാണിത്. മഅ്റൂഫായ തീരുമാനം എന്ന് പറയുമ്പോൾ അഹ്മദിയ്യ ഖിലാഫത്തിന്റെ ഭാഗത്ത് നിന്ന് ഒരിക്കലും തന്നെ അല്ലാഹുവിന്റെ കൽപനകൾക്ക് എതിരായ ഒരു കാര്യം പറയുന്നതല്ല. മഅ്റൂഫായ തീരുമാനം എന്നതിന്റെ അർത്ഥവും ഇതുതന്നെയാണ്. ശരീഅത്ത് അനുസരിച്ചുള്ള എല്ലാ കാര്യത്തെയും പൂർണ്ണമായും അനുസരിക്കുന്നതായിരിക്കും. ഖിലാഫത്തിന്റെ പരമ്പര **ഖിലാഫത്ത് അലാ മിൻഹാജുന്നുബുവ്വത്ത്** ആണ് എന്ന ദൃഢ വിശ്വാസത്തിലാണ് ഓരോ അഹ്മദിയും നിലകൊള്ളുന്നത് എങ്കിൽ ഖിലാഫത്തിന്റെ കാലഘട്ടത്തിൽ ശരീഅത്തിന് വിരുദ്ധമായ യാതൊരു കൽപനയും ഉണ്ടാകുന്നതല്ല എന്ന ദൃഢവിശ്വാസവും ഉണ്ടായിരിക്കേണ്ടതാണ്. അതുപോലെ തന്നെ ജമാഅത്ത് വ്യവസ്ഥിതിയും അഥവാ അന്ന് ഖിലാഫത്ത് വ്യവസ്ഥിതിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത് എങ്കിൽ ഒരിക്കലും തന്നെ ശരീഅത്തിന്ന് വിരുദ്ധമായ കൽപന നൽകുന്നതല്ല. അഥവാ എന്തെങ്കിലും കാരണങ്ങൾകൊണ്ടോ പിശക് മൂലമോ അത്തരം കൽപനകൾ നൽകിയാൽ കാലത്തിന്റെ ഖലീഫയിലേക്ക് പ്രശ്നം എത്തുമ്പോൾ അത് ശരിപ്പെടുത്തുന്നതായിരിക്കും.

ഖിലാഫത്തിന്റെ ഭദ്രതക്ക് വേണ്ടി ഒരഹ്മദി ദുആ ചെയ്യുമ്പോൾ അല്ലാഹുവിന്റെ പ്രിയപ്പെട്ടവനായി തീരുന്നതിന്നും ഖിലാഫത്തിന്റെ അനുഗ്രഹവുമായി ബന്ധപ്പെട്ടു നിൽക്കുന്നതിന്നും തനിക്ക് ലഭിച്ചിരിക്കുന്ന നേർമാർഗ്ഗത്തിൽനിന്ന് അല്ലാഹു ഒരിക്കലും അകറ്റാതിരിക്കുന്നതിന്നും വേണ്ടി ഞാൻ അനുസരണത്തിന്റെ ഉന്നതമായ നിലവാരം സ്ഥാപിക്കുന്നവനായിത്തീരട്ടെ എന്ന് തനിക്കുകൂടി അവൻ ദുആ ചെയ്യേണ്ടതാണ്.

ചില അവസരങ്ങളിൽ ചിലയാളുകൾ തങ്ങളുടെ വ്യക്തിപരമായ താൽപര്യം മുന്നിൽ കണ്ട്കൊണ്ട് ജമാഅത്ത് വ്യവസ്ഥിതിയിൽ വിശ്വാസക്കുറവ് പ്രകടിപ്പിക്കുന്നു. അങ്ങനെ 1400 വർഷങ്ങൾക്ക് ശേഷം അല്ലാഹു നൽകിയിരിക്കുന്ന അനുഗ്രഹത്തിൽ നിന്നും അവർ അകടപ്പെടുന്നു. ഉദാഹരണമായി ചിലയവസരങ്ങളിൽ ഖസാ സംബന്ധമായ പ്രശ്നങ്ങളിൽ ഇങ്ങനെ സംഭവിക്കുന്നു. ഈ വ്യവസ്ഥിതി ജമാഅത്തിന് അകത്തുതന്നെയുള്ള ഒരു വ്യവസ്ഥിതിയാണ്. യാഥാർത്ഥത്തിൽ ഒത്തുതീർപ്പിനുള്ള ഒരു വ്യവസ്ഥിതിയാണിത്. ചില നിയമപരമായ നിർബന്ധിതാവസ്ഥ കാരണം ഈ ഖസായുടെ (ഒത്തുതീർപ്പ് വ്യവസ്ഥിതിയുടെ) തീരുമാനം സന്തോഷത്തോടെ അംഗീകരിക്കുന്നതായിരിക്കുമെന്നും ഇതിൽ യാതൊരു പരാതിയും ഉണ്ടാകുകയില്ല എന്നും ഈ വ്യവസ്ഥിതിയിൽ ഞാൻ സ്വയം തന്റെ പ്രശ്നം കൊണ്ട് പോകുകയാണെന്നും എഴുതി വാങ്ങുമ്പോൾ, (ഇപ്പോൾ പുതിയ രീതിയും എഴുതി വാങ്ങാൻ തുടങ്ങിയിട്ടുണ്ട്.) ചിലയാളുകൾ തീരുമാനം ഞങ്ങൾക്ക് എതിരായിരിക്കും എന്ന് ഊഹിച്ച്കൊണ്ട് എഴുതി നൽകാൻ വിസമ്മതിക്കുന്നു. അത്തരം ആളുകളുടെ ഉദ്ദേശ്യശുദ്ധി തുടക്കത്തിൽ തന്നെ നല്ലതായിരിക്കില്ല. പ്രശ്നം കൂടുതൽ താമസിപ്പിക്കാൻ അവർ ആഗ്രഹിക്കുന്നു. ഇവിടെ അൽപം താമസിപ്പിക്കാം. പിന്നീട് ഇവിടെ തീരുമാനമായില്ലെങ്കിൽ ഗവൺമെന്റിന്റെ കോടതിയിൽ പോകാം. ഇവർ ഭൗതിക കോടതിയിൽ പോകുകയും അവിടെ അവരുടെ ഇഷ്ടത്തിനെതിരിൽ തീരുമാനമുണ്ടാകുകയും ചെയ്താൽ പിന്നീട് വീണ്ടും ഖാസായിൽ തിരിച്ച് വരാൻ ശ്രമിക്കുന്നു. എന്നാൽ ജമാഅത്ത് അതുപോലുള്ള ആളുകളുടെ പ്രശ്നം പിന്നീട് എടുക്കാറില്ല. എന്തുകൊണ്ടെന്നാൽ അവർ ആദ്യംതന്നെ അനുസരണത്തിൽ നിന്ന് പുറത്ത്പോയി. അവർ ജമാഅത്ത് വ്യവസ്ഥിതിയെ വിശ്വസിച്ചില്ല. അതിന്റെ ഫലം പ്രകടവുമാണ് അനുസരണത്തിൽ നിന്ന് പുറത്തായി എങ്കിൽ അവർ എനിക്കിഷ്ടപ്പെട്ടവരല്ല എന്ന് അല്ലാഹുവും പറയുന്നു. മനുഷ്യൻ അല്ലാഹുവിന്റെ വെറുപ്പിന് പാത്രമായിത്തീർന്നാൽ അയാൾ പ്രത്യക്ഷത്തിൽ ജമാഅത്തിന്റെ മെമ്പർ എന്ന് പറഞ്ഞാലും ശരി അല്ലാഹു ജമാഅത്ത് അംഗങ്ങൾക്ക് ജമാഅത്തിന്റെ ബർക്കത്തിലൂടെ നൽകുന്ന അനുഗ്രഹം സ്വായത്തമാക്കാൻ അദ്ദേഹത്തിന് സാധിക്കുന്നതല്ല. പ്രത്യക്ഷത്തിൽ ചെറിയ ചെറിയ കാര്യങ്ങളായിരിക്കും. എന്നാൽ വ്യക്തിപരമായ അഹന്ത നിമിത്തവും ഊഹങ്ങൾ നിമിത്തവും അല്ലാഹുവിന്റെ അനുഗ്രഹം നിഷേധിക്കപ്പെട്ടവരായി മാറുന്നു. ഓരോ അഹ്മദിയും അല്ലാഹുവിന്റെ ഇഷ്ടഭാജനമായിത്തീരാൻ പരിശ്രമിക്കേണ്ടതാണ്. ഇതിലാണ് നമ്മുടെയും നമ്മുടെ തലമുറകളുടെയും ജീവിതം നിലകൊള്ളുന്നത്. ഇതോടൊപ്പം ഞാൻ ജമാഅത്ത് ഭാരവാഹികളോടും ഒരു കാര്യം പറയാനാഗ്രഹിക്കുന്നു. അവർ ഖിലാഫത്തിന്റെ യഥാർത്ഥ പ്രതിനിധികളാകുന്നത് അവർ നീതിയുടെ നിലവാരം ദൈവഭയത്തോട്കൂടി പൂർത്തിയാക്കുന്നവരായിത്തീരുമ്പോഴാണ്. ഏതെങ്കിലും ഭാരവാഹി കാരണം ആർക്കെങ്കിലും ചുവട് തെറ്റുകയാണെങ്കിൽ ആ ഭാരവാഹിയും അതേപോലെ കുറ്റവാളിയായിരിക്കും. എന്തുകൊണ്ടെന്നാൽ അദ്ദേഹം അല്ലാഹു നൽകിയ അമാനത്തിനോടുള്ള ബാധ്യത നിറവേ

റ്റിയില്ല. അദ്ദേഹത്തിന്റെ തെറ്റ്മൂലം ആരെങ്കിലും വഴിതെറ്റാൻ കാരണമായാൽ മന:പൂർവ്വം അങ്ങനെ സംഭവിച്ചാൽ അയാൾ കുറ്റവാളിയാണ്. അമാനത്തിനോടുള്ള ബാധ്യത നിറവേറ്റാത്ത വ്യക്തിയാണ്.

ഓരോ അഹ്മദിയും അദ്ദേഹം ഏത് സ്ഥാനത്തായിരുന്നാലും ശരി എല്ലായ്പ്പോഴും ഓർക്കേണ്ടത് തന്റെ ബൈഅത്തിന്റെ നിബന്ധന നിലനാട്ടുന്നതിന് തന്റെ ഈമാൻ നിലനിർത്തുന്നതിന് എല്ലാ അവസ്ഥയിലും സത്യസന്ധതയും തഖ്‌വയും പ്രകടമാക്കിക്കൊണ്ടേയിരിക്കുന്നതാണ്. അങ്ങനെയാകുമ്പോൾ മാത്രമേ ഹ: മസീഹ് മൗഊദ് عليه السلام ന്റെ ആഗമനത്തിന്റെ ലക്ഷ്യം പൂർത്തിയാക്കുന്നവനായിത്തീരുകയുള്ളൂ. മസീഹ് മൗഊദ് عليه السلام ഒരു സ്ഥലത്ത് പറയുന്നു.

"ഞാൻ ജമാഅത്തിൽ അംഗവർദ്ധനവ് ഉണ്ടായതുകൊണ്ട് മാത്രം സന്തോഷിക്കുന്നില്ല. കയ്യിൽ കൈ വെച്ചുകൊണ്ട് ബൈഅത്ത് ചെയ്തു എന്നതല്ല ജമാഅത്തുകൊണ്ട് അർത്ഥമാക്കുന്നത്. യഥാർത്ഥത്തിൽ ജമാഅത്ത് ശരിക്കും ജമാഅത്തായിത്തീരുന്നത് ബൈഅത്തിന്റെ പൊരുളനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ്. സത്യസന്ധമായ നിലയിൽ അവരിൽ ഒരു പരിശുദ്ധമാറ്റം ഉണ്ടായിത്തീരണം. അവരുടെ ജീവിതം പാപത്തിൽ നിന്നും നികൃഷ്ട കർമ്മങ്ങളിൽ നിന്നും പരിപൂർണ്ണമായും മുക്തമായിത്തീരണം. ശരീരേച്ഛകളിൽ നിന്നും ശൈത്വാന്റെ പിടിയിൽ നിന്നും മോചിതരായി അല്ലാഹുവിന്റെ പ്രീതിയിൽ ലയിക്കുന്നവരായിത്തീരണം. അല്ലാഹുവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും ഹൃദയവിശാലതയോടുകൂടി പൂർണ്ണമായ നിലയിൽ പൂർത്തീകരിക്കുകയും വേണം. ദീനിനുവേണ്ടിയും ദീനിന്റെ പ്രചാരണത്തിനുവേണ്ടിയും അവരിൽ ഒരു വ്യാകുലത ഉണ്ടായിത്തീരുകയും തങ്ങളുടെ ആഗ്രഹങ്ങളെയും അഭിലാശങ്ങളെയും പൂർണ്ണമായും ഇല്ലാതാക്കി അല്ലാഹുവിന്റെതായിത്തീരുകയും ചെയ്യണം. അപ്പോൾ മാത്രമേ അവർ ജമാഅത്ത് എന്ന് പറയാൻ സാധിക്കുകയുള്ളൂ."

പറയുന്നു."അല്ലാഹുവിനെ ഭയന്ന്കൊണ്ട് അല്ലാഹുവിന്റെ ഇംഗിതങ്ങൾക്ക് എതിരായ കാര്യങ്ങൾ ഉപേക്ഷിക്കുന്നവനാണ് യഥാർത്ഥത്തിൽ മുത്തഖി. നഫ്സിനെയും നഫ്സിന്റെ ആഗ്രഹങ്ങളെയും ലോകവും ലോകത്തിലെ സകലതും അല്ലാഹുവിനെതിരിൽ പാഴ്‌വസ്തുക്കളാണെന്ന് മനസ്സിലാക്കുകയും ചെയ്യുന്നവൻ."

*അല്ലാഹു നമുക്കേവർക്കും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ആഗ്രഹങ്ങൾക്കനുസരിച്ച് നമ്മുടെ ജീവിതം കഴിച്ചുകൂട്ടാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.*

**HADHRAT MIRZA MASROOR AHMAD**
**KHALIFATUL MASIH - V** ايده الله تعالىٰ بنصره العزيز
**on 22- 04- 2011 at London**

വിവർത്തനം
**സുൽത്താൻ നസീർ സാഹിബ്**
മുബല്ലിഗ് വടകര, **PHONE : 9544274240**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by: **Majlis Khuddamul Ahmadiyya, North Kerala**